"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതിയുടെ നിരീക്ഷണത്തിനായി കർമ്മ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേക്കായി ക്ഷീരവികസന വകുപ്പിൽ നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.57/2024/DD    തീയതി,തിരുവനന്തപുരം, 18-05-2024

---

പരാമർശം:- 16.05.2024 തീയതിയിലെ പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ നിന്നുള്ള PIEM 2/19/2024-PIEMD നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

അടുത്ത 18 മാസത്തിനുള്ളിൽ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ, പ്രവർത്തി ആരംഭിക്കാൻ സാധിക്കുന്ന പദ്ധതികൾ (ടെൻഡർ നടപടികൾ പൂർത്തികരിച്ച്), പദ്ധതി ആവിഷ്കരണം/നയരൂപീകരണം ബഡ്ജറ്റിലൂടെ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്നിവ കണ്ടെത്താനും. പദ്ധതി പൂർത്തീകരണത്തിനായുള്ള ടൈംലൈൻ, ഫണ്ട് ആവശ്യതകൾ എന്നിവ വ്യക്തമാക്കി ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും ചീഫ് സെക്രട്ടറിയുടെ 03.05.2024 തീയതിയിലെ സെക്രട്ടറിമാരുമായുള്ള യോഗത്തിൽ തീരുമാനമായിരുന്നു.

കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ സംബന്ധിച്ച തീരുമാനങ്ങൾ എല്ലാ വകുപ്പുകളും നടപ്പിലാക്കേണ്ടതാണെന്നും നിലവിൽ KIIFB, RKI, K-Disc എന്നീ ഏജൻസികൾ ചെലവ് വഹിക്കുന്ന പദ്ധതികളുടെയും, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മറ്റ് പദ്ധതികളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ എല്ലാ വകുപ്പുകളും ലഭ്യമാക്കേണ്ടതാണെന്നും ഇതിന് പുറമേ മുകളിൽ പരാമർശിച്ചിട്ടുള്ള നിബന്ധന പാലിക്കപ്പെടുന്ന മറ്റ് പദ്ധതികളുടെ വിവരങ്ങളും വകുപ്പുകൾക്ക് കൂട്ടിച്ചേർക്കാവുന്നതാണെന്നും നിലവിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വകുപ്പുകൾക്ക് മേൽ നിബന്ധന പാലിക്കപ്പെടുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ ആയത് 'Data Collection Template' എന്ന ടാബിൽ പുതിയതായി ഉൾപ്പെടുത്തേണ്ടതാണെന്നും പരാമർശ സർക്കുലർ പ്രകാരം അറിയിപ്പ് ലഭ്യമായിട്ടുണ്ട്.

മേൽ ആവശ്യത്തിലേക്കായി ഭരണ വകുപ്പിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്ന് പരാമർശ സർക്കുലർ പ്രകാരം അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ അഡീഷണൽ സെക്രട്ടറി (മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്) ശ്രീ.ഷിബു എ.റ്റി (പെൻ നം. 132334)- യെ 18 മാസം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതിയുടെ നിരീക്ഷണത്തിനായി കർമ്മ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേക്കായി ക്ഷീരവികസന വകുപ്പിൽ

നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ABHILASH S
അണ്ടർ സെക്രട്ടറി

<u>പകർപ്പ്</u>

- ശ്രീ.ഷിബു എ.റ്റി, അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്, തിരുവനന്തപുരം
- ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
- മാനേജിംഗ് ഡയറക്ടർ, മിൽമ, തിരുവനന്തപുരം
- പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
- വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
- കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Moly Vijaya C S
സെക്ഷൻ ഓഫീസർ
Date: 20-05-2024 12:45:05